"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വിശാലകൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ.) - ജീവനക്കാര്യം - ശ്രീമതി. സ്വപ്ന ഒ. എസ്- ന് സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1711/2026/LSGD തീയതി,തിരുവനന്തപുരം, 10-09-2026

---

പരാമർശം:- 1. സ.ഉ.(പി) നം. 112/2017/ധന, തീയതി 24.08.2017.
2. ശ്രീമതി. സ്വപ്ന ഒ. എസ്.-ന്റെ അവധിയപേക്ഷ.
3. ജി.സി.ഡി.എ. സെക്രട്ടറിയുടെ 07/05/2026, 17/06/2026 തീയതികളിലെ 33/ESTT 3/2026/ജിസിഡിഎ നമ്പർ കത്ത്.

**ഉത്തരവ്**

വിശാല കൊച്ചി വികസന അതോറിറ്റിയിൽ ഓഫീസ് അറ്റൻഡന്റായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സ്വപ്ന ഒ. എസ്, 17/04/2026-ൽ, ഔദ്യോഗിക ജോലി കഴിഞ്ഞ് വീട്ടിലേക്കുള്ള യാത്രാമദ്ധ്യേ ഉണ്ടായ ബസ് അപകടത്തെ തുടർന്ന്, 18/04/2026 മുതൽ 30/04/2026 വരെ തനിക്ക് സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അനുവദിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച, പരാമർശം (2) പ്രകാരമുള്ള അപേക്ഷയും മറ്റു ബന്ധപ്പെട്ട രേഖകളും സഹിതം, വിശാലകൊച്ചി വികസന അതോറിറ്റി സെക്രട്ടറി, പരാമർശം (3) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരവും ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടയിൽ ആണ് അപകടം സംഭവിച്ചതെന്ന് മേലധികാരി നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും വിശാല കൊച്ചി വികസന അതോറിറ്റിയിൽ ഓഫീസ് അറ്റൻഡന്റായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സ്വപ്ന ഒ. എസ് -ന് 18/04/2026 മുതൽ 30/04/2026 വരെ കെ.എസ്.ആർ ഭാഗം ഒന്ന് ചട്ടം 98 പ്രകാരം സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി ധർമലശ്രീ ഐ എ എസ്
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, വിശാലകൊച്ചി വികസന അതോറിറ്റി

ശ്രീമതി. സ്വപ്ന ഒ. എസ്., ഓഫീസ് അറ്റൻഡന്റ്, വിശാലകൊച്ചി വികസന അതോറിറ്റി (സെക്രട്ടറി, വിശാലകൊച്ചി വികസന അതോറിറ്റി മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (ഐ.എ.3/40/2026-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Digitally signed by
Satheesh Kumar S
Date: 10-09-2026
18:19:15

സെക്ഷൻ ഓഫീസർ